"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്- ശ്രീമതി. ബിന്ദു പി.വി. ഫയൽ ചെയ്ത OA (EKM) 250/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 31/03/2026-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1656/2026/H&FWD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-

1. 19/02/2021-ലെ സ.ഉ (കൈ).നം. 52/2021/ആ.കു.വ
2. 18/11/2023-ലെ സ.ഉ (കൈ).നം. 313/2023/ആ.കു.വ
3. 18/01/2025-ലെ സ.ഉ (കൈ).നം. 125/2025/ആ.കു.വ
4. 23/01/2025-ലെ സ.ഉ (കൈ).നം. 169/2025/ആ.കു.വ
5. OA (EKM) 250/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 13/02/2025-ൽ പുറപ്പെടുവിച്ച ഉത്തരവ്.
6. 24/05/2025-ലെ സ.ഉ (കൈ).നം. 155/2025/ആ.കു.വ
7. MA (EKM) 1139/2025 in OA (EKM) 250/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 01/08/2025-ൽ പുറപ്പെടുവിച്ച ഉത്തരവ്.
8. OA (EKM) 250/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 31/03/2026-ൽ പുറപ്പെടുവിച്ച ഉത്തരവ്.

**ഉത്തരവ്**

2019-ലെ കേരള സഹകരണ ആശുപത്രി കോളേജും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നിരുന്നു. തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അക്കൊമൊഡേഷനായി പരാമർശം (1) പ്രകാരം സൃഷ്ടിച്ച 772 തസ്തികകളിലുൾപ്പെട്ട സ്ഥിര പാരാമെഡിക്കൽ വിഭാഗം ജീവനക്കാരെ അക്കൊമ്മൊഡേറ്റ് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം 209 തസ്തികകൾ അനുവദിച്ചും, ടി തസ്തികകളുടെ വർഗീകരണം പൂർത്തീകരിച്ച് തസ്തികകളുടെ തരം തിരിവ് നടത്തിയും ഉത്തരവായിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) ഉത്തരവ് പ്രകാരം ശമ്പള സ്കെയിൽ

നിശ്ചയിച്ചിട്ടുള്ള 26 തസ്തികകളിലേക്ക് അക്കൊമ്മൊഡേറ്റ് ചെയ്യേണ്ട ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത 26 തസ്തികകളിലേക്ക് അക്കൊമ്മൊഡേറ്റ് ചെയ്യേണ്ട ജീവനക്കാരിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്ക് അക്കൊമ്മൊഡേറ്റ് ചെയ്യുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന ശ്രീമതി.ബിന്ദു പി.വി അടക്കമുള്ള ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന കേസുകളിൽ ടി ജീവനക്കാർ നിലവിൽ ജോലിചെയ്തുവരുന്ന തസ്തികകളിൽ നിന്നും തരംതാഴ്ത്തരുതെന്ന ഉത്തരവുകൾ/ ഇടക്കാലഉത്തരവുകൾ നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. മേൽ സാഹചര്യത്തിൽ ടി ജീവനക്കാരെയും, പുനഃനാമകരണം അല്ലെങ്കിൽ തസ്തിക സൃഷ്ടിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ള ഫാർമസി അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരെയും, അക്കൊമൊഡേഷനായി തസ്തിക അപ്ഗ്രേഡ് ചെയ്യേണ്ട ആവശ്യമുള്ള ജൂനിയർ മോസ്റ്റായ 2 ലാബ് ടെക്നീഷ്യൻ ജീവനക്കാരെയും ഒഴിവാക്കി പാരാമെഡിക്കൽ വിഭാഗത്തിലെ 136 ജീവനക്കാരെ വ്യവസ്ഥകളോട്ട കൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമ്മൊഡേറ്റ്/ആഗിരണം ചെയ്ത് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

2. മുൻ പരിയാരം മെഡിക്കൽ കോളേജിൽ മെഡിക്കൽ റെക്കോർഡ്സ് സൂപ്പർവൈസർ (HG) ആയിരുന്നതും എന്നാൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് I (Scale of Pay 35600-75400) തസ്തികയിൽ ഏറ്റെടുക്കുവാൻ നിശ്ചയിച്ചതുമായ ശ്രീമതി ബിന്ദു പി.വി. ഫയൽ ചെയ്ത OA(EKM) 250/2025 കേസിലെ ഉത്തരവിൽ(പരാമർശം (5) ), മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്കുള്ള ടിയാളുടെ ആഗീരണം ടി കേസിലെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്ന് ബഹു.ട്രൈബ്യൂണൽ ഉത്തരവായിരുന്നു. തുടർന്ന് ശ്രീമതി ബിന്ദു പി വി ഫയൽ ചെയ്ത MA (EKM) 1139/2025 in OA (EKM) 250/2025 - ൽ പുറപ്പെടുവിച്ച പരാമർശം (7) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ ഓപ്ഷൻ ഫോം സമർപ്പിക്കുകയും ചെയ്തിരുന്നു. കണ്ണൂർ മെഡിക്കൽ കോളേജിലെ ഏറ്റെടുക്കപ്പെട്ട ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമൊഡേറ്റ് ചെയ്ത ഉത്തരവ് നൽകിയ ശേഷം മാത്രമാണ് ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുന്നത്. ടി നടപടിക്രമമാണ് ഏറ്റെടുത്ത എല്ലാ ജീവനക്കാരുടെ വിഷയത്തിൽ സ്വീകരിച്ചുവരുന്നതും. അതുകൊണ്ട് അക്കൊമൊഡേഷൻ ഉത്തരവിൽ ഉൾപ്പെടാതെ ഓപ്ഷൻ സമർപ്പിക്കാൻ അവസരം ഇല്ലാത്തതിനാൽ ശ്രീമതി ബിന്ദു പി.വി. സമർപ്പിച്ച ഓപ്ഷൻ സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതുമാണ്. എന്നാൽ പരാമർശം (7) ഉത്തരവിൽ, ഹർജ്ജിക്കാരി പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ സമർപ്പിക്കുകയാണെങ്കിൽ ആയത് താൽക്കാലികമായി പരിഗണിക്കേണ്ടതാണെന്നും, ആയത് ടി വ്യവഹാരത്തിന്റെ തുടർന്നുള്ള ഉത്തരവുകൾക്ക് വിധേയമായിരിക്കുമെന്നും ബഹു.ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ടായിരുന്നു. കൂടാതെ പ്രസ്തുത കേസ് 30.03.2026-ൽ പരിഗണനയ്ക്ക് വന്നപ്പോൾ മേൽ ഇടക്കാല ഉത്തരവുകൾ നടപ്പാക്കിയിട്ടില്ല എന്ന കാരണത്താൽ ബഹു ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവാകുകയുമുണ്ടായി.

*"Therefore, the 2nd respondent shall appear before this Tribunal in person on 19.05.2026 at 10.30 a.m., in case the aforesaid order is not complied with. Post the matter on 19.05.2026. "*

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ പശ്ചാത്തലത്തിൽ സർക്കാർ

ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ പരിയാരം മെഡിക്കൽ കോളേജിൽ മെഡിക്കൽ റെക്കോർഡ്സ് സൂപ്പർവൈസർ (HG) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ബിന്ദു പി.വി.-യെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ള മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് I (Scale of Pay 35,600-75,400) തസ്തികയിലേക്ക് OA(EKM) 250/2025 നം. കേസിലെ അന്തിമ ഉത്തരവിന് വിധേയമായി അക്കൊമൊഡേറ്റ് ചെയ്ത് ഉത്തരവാകുന്നു.

4.ശ്രീമതി ബിന്ദു പി വി സമർപ്പിച്ച ഓപ്ഷന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്ക് OA(EKM) 250/2025 നം. കേസിലെ അന്തിമ ഉത്തരവിന് വിധേയമായി, ടിയാൾക്ക് താത്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു .

5. OA(EKM) 250/2025- ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (8) ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ശ്രീമതി ബിന്ദു പി.വി., മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് I, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (S1/21/2021/Health)

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M
Date: 12-05-2026 17:21:19
സെക്ഷൻ ഓഫീസർ

പകർപ്പ് :
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്